# ആസൂത്രിതമല്ലാത്ത സിസ്സേറിയൻ പ്രക്രിയയിൽ ജനറൽ അനസ്തീഷ്യയ കൊടുക്കുന്നതിനെക്കുറിച്ചുള്ള വിവരരേഖ

ഒരു ജനറൽ അനസ്തറ്റിക് വഴി ഉറക്കത്തിലേക്കു നയിക്കുന്നതിനെക്കുറിച്ചുള്ള ചില വിവരങ്ങളടങ്ങിയ രേഖയാണിത്.

- ഒരു സ്പൈനലോ എപ്പിഡ്യൂറലോ കൊടുക്കുവാൻ വേണ്ടത്ര സമയം ലഭ്യമല്ലാതെ വരുമ്പോൾ പെട്ടെന്നു ചെയ്യേണ്ടിവരുന്ന ഒരു സിസ്സേറിയന് ജനറൽ അനസ്തറ്റിക് ആവശ്യമായി വരുന്നു.
- നാഡികൾക്കുള്ളിൽ കടന്നുചെല്ലുന്ന ഒരു ക്യാനുല നിങ്ങളുടെ കൈയിലോ കൈപ്പത്തിയിലോ ഘടിപ്പിക്കുന്നു.
- ജനറൽ അനസ്തറ്റിക്കിനുള്ള ഒരു അപകടമെന്തെന്നാൽ അത് നിങ്ങൾ ഉറങ്ങുമ്പോൾ നിങ്ങളുടെ വയറിനുള്ളിലെ അമ്ലത്തെ ശ്വാസകോശങ്ങളിലേക്ക് കടത്തിവിടാനുള്ള സാധ്യതയാണ്. ഈ അപകടം ഒഴിവാക്കുന്നതിനുവേണ്ടി നിങ്ങളുടെ കാലിൽ നേരിട്ടോ അല്ലെങ്കിൽ ഒരു ഡ്രിപ്പുവഴിയോ ഒരു കുത്തിവയ്പ്പ് എടുക്കുകയോ കൂടാതെ കുടിക്കാനായി ഒരു അന്റാസിഡ് മരുന്നു തരുകയോ ചെയ്യുന്നു.
- ഓപ്പറേഷൻ തീയേറ്ററിൽ നിങ്ങൾക്ക് ഓക്സിജൻ ശ്വസിക്കുന്നതിനുവേണ്ടിയുള്ള ഒരു മുഖംമൂടി നിങ്ങളെ അണിയിക്കുന്നു. ഈ മുഖംമൂടി ഇറുകിപ്പിടിക്കുന്നുവെന്നു തോന്നാമെങ്കിലും നിങ്ങൾക്ക് കൂടുതൽ ഓക്സിജൻ തരാൻ വേണ്ടി അത്യാവശ്യമാണ്.
- നിങ്ങളുടെ ഡ്രിപ്പ്‌വഴി ജനറൽ അനസ്തറ്റിക് തരുന്നു. നിങ്ങൾ ഉറങ്ങിത്തുടങ്ങുമ്പോൾ നിങ്ങളുടെ കഴുത്തിൽ മർദ്ദം അനുഭവപ്പെടുന്നു. ഇതു നിങ്ങളുടെ ശ്വാസനാളത്തെയും ശ്വാസകോശങ്ങളെയും സംരക്ഷിക്കുന്നതിനുവേണ്ടിയാണ്.
- നിങ്ങളുടെ പ്രസവപങ്കാളിയെ തീയേറ്ററിനുള്ളിൽ നിങ്ങളൊടൊപ്പമുണ്ടാകാൻ അനുവദിക്കുകയില്ല. അവർക്ക് തീയേറ്ററിനടുത്തിരിക്കാം.
- പ്രസവശേഷം കിടത്തുന്ന മുറിയിൽ നിങ്ങൾ ഉണരുമ്പോൾ നിങ്ങളുടെ കുഞ്ഞിനെ നിങ്ങൾക്ക് ഉടനേ തന്നെ കാണാം.
- നിങ്ങൾ ഉണരുമ്പോൾ നിങ്ങൾക്ക് തൊണ്ടവേദന തോന്നാം. ഓക്കാനാവും തോന്നാം. കൂടുതൽ വേദന സംഹാരികളോ ഛർദ്ദി വരാതിരിക്കാനുള്ള മരുന്നോ നിങ്ങൾക്ക് ആവശ്യമെങ്കിൽ തരുന്നതായിരിക്കും.

യു.കെ.യിൽ ഓരോ കൊല്ലവും 17,000 ജനറൽ അനസ്തറ്റിക് സിസ്സേറിയൻ വേണ്ടിവരുന്ന സ്ത്രീകൾക്ക് കൊടുക്കാറുണ്ട്. വളരെ കുറച്ച് കുഴപ്പങ്ങളേ ഉണ്ടായിട്ടുള്ളു. എന്നാലും ചില അപകടസാധ്യതകളും പാർശ്വഫലങ്ങളും തള്ളിക്കളയാനാവില്ല. അവ ഈ കാർഡിന്റെ മറുവശത്തു ചേർത്തിരിക്കുന്നു.

# ജനറൽ അനസ്തീഷിയയുടെ
# അപകടസാധ്യതകളും പാർശ്വഫലങ്ങളും

| സാധ്യതയുള്ള പ്രശ്നങ്ങൾ | പ്രശ്നം എത്രത്തോളം സാധാരണമാണ് |
|---|---|
| വിറയൽ | സാധാരണം – ഏകദേശം മൂന്നിൽ ഒന്ന് |
| തൊണ്ടവേദന | സാധാരണം – ഏകദേശം രണ്ടിൽ ഒന്ന് |
| ഓക്കാനം | സാധാരണം – ഏകദേശം പത്തിൽ ഒരാൾ |
| പേശീവേദന | സാധാരണം – ഏകദേശം മൂന്നിൽ ഒരാൾക്ക് |
| ചുണ്ടിലും നാക്കിലും കടിച്ച മുറിവുകൾ | വല്ലപ്പോഴും– ഏകദേശം ഇരുപതിലൊരാൾക്ക് |
| പല്ലിനുകേട് | വളരെ അപൂർവ്വം– 4500 ൽ ഒരാൾക്ക് |
| നിങ്ങൾ ഉറങ്ങിക്കിടക്കുമ്പോൾ ഒരു ശ്വസനനാളി കടത്താനുള്ള അനസ്തീസിസ്റ്റിന്റെ ശ്രമം പരാജയപ്പെട്ടാൽ | അപൂർവ്വം – 250 ൽ ഒരാൾക്ക് |
| നെഞ്ചിൽ അണുബാധ | പൊതുവെ– പത്തിലൊരാൾക്ക്. പക്ഷേ ഈ വേദന മിക്കവാറും തീരെ കഠിനമല്ല. |
| വയറിലെ അമ്ലം ശ്വാസനാളത്തിൽ കയറുക | വളരെ അപൂർവ്വം – ആയിരത്തിലൊരാൾ |
| ഈ കർമ്മപരിപാടിയിലൂടനീളം ഉണർന്നു കിടക്കുക | അസാധാരണം – ഏകദേശം നാനൂറിലൊരാൾ |
| അലർജി ഉണ്ടാവുക | അപൂർവ്വം– ഏകദേശം പതിനായിരത്തിൽ ഒരാൾക്ക് |
| മരണമോ തലച്ചോറിനു ക്ഷതമോ | മരണം– വളരെ അപൂർവ്വം. 100000 ൽ ഒരാൾ എന്നതിൽ താഴെ. യു.കെ. യിൽ ഒരു വർഷത്തിൽ ഒന്നോ രണ്ടോ ആൾ മാത്രം. തലച്ചോറ് ക്ഷതം (നാശം) വളരെ അപൂർവ്വം. ശരിയായ കണക്ക് കിട്ടാനില്ല. |

ഈ അപകടസാധ്യതകളുടെയും പാർശ്വഫലങ്ങളുടെയും കൃത്യമായ കണക്ക് കിട്ടാനില്ല. ഓരോ ആസ്പത്രിതോറും ഇവ മാറിയെന്നും വരാം. നിങ്ങൾക്ക് ഇനിയും സംശയങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ അനസ്തറ്റിസ്റ്റുമായി ചർച്ച ചെയ്യാം.

കൂടുതൽ വിവരങ്ങൾ റോയൽ കോളേജ് ഓഫ് അനസ്തറ്റിസ്റ്റ് വെബ്സൈറ്റിൽ www.rcoa.ac.uk ൽ അനസ്തീഷ്യ ഫോർ സിസേരിയൻ സെക്ഷൻ എന്ന ലഘുലേഖ ഡൗൺലോഡ് ചെയ്താൽ കിട്ടും.